# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 789 — 11.03.2015-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ആദിവാസികൾക്ക് ആരോഗ്യപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) അട്ടപ്പാടിയിലെ ആദിവാസി പ്രശ്നത്തോടനുബന്ധിച്ച് നടന്ന സമരത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച ആരോഗ്യപദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ; | (എ) | അട്ടപ്പാടിയിൽ നടന്നു വരുന്ന ആരോഗ്യ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഫീൽഡ് തല ആരോഗ്യ പ്രവർത്തനങ്ങളും കോട്ടത്തറ ആശുപത്രിയുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. |
| (ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; | (ബി) | 1. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോട്ടത്തറ ആശുപത്രിയിൽ മുഴുവൻ സമയവും ഗൈനക്കോളജിസ്റ്റിന്റെയും, അനസ്തേറ്റിസ്റ്റിന്റെയും സേവനം ലഭ്യമാക്കി.<br>2. ഐ.എം.എ.-യുമായി ബന്ധപ്പെട്ട് സ്കാനിംഗ് ആവശ്യമുള്ള ഗർഭിണികൾക്കും മറ്റ് രോഗികൾക്കുമായി സോണോളജിസ്റ്റിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിയിട്ടുണ്ട്.<br>3. പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ച് ഫീൽഡിൽ ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികളുടെയും, പ്രത്യേകം പരിഗണന വേണ്ട ഗർഭിണികളുടെയും ആറ് മാസം വരെ മുലയൂട്ടുന്ന അമ്മമാരുടെയും വീടുകളിൽ ആഴ്ചയിൽ അഞ്ച് ദിവസം ഓരോ ജീവനക്കാർ പ്രത്യേകം പ്രത്യേകം സന്ദർശനം നടത്തി വേണ്ട സേവനങ്ങൾ നൽകി വരുന്നു. തിങ്കളാഴ്ച ദിവസങ്ങളിൽ എസ്.ടി. പ്രൊമോട്ടർ, ചൊവ്വ – അംഗൻവാടി ടീച്ചർ, ബുധൻ - കുടുംബശ്രീ ആനിമേറ്റർ, വെള്ളി - ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ശനി - ആശാവർക്കർ എന്നീ തരത്തിലാണ് നിരീക്ഷിക്കുന്നത്. |

4. ഒറ്റപ്പാലം സബ്കളക്ടറെ അട്ടപ്പാടിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ക്രോഡീകരണത്തിനും മോണിറ്ററിംഗിനു മായി ചുമതലപ്പെടുത്തി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ എം.പി, എം.എൽ.എ. മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പു കളുടെ പ്രതിനിധികൾ എന്നിവർ മാസം തോറും യോഗം ചേർന്ന് പ്രവർത്തനങ്ങളുടെ ഏകോപനവും മോണിറ്ററിംഗും നടത്തി വരുന്നു.
5. ആരോഗ്യവകുപ്പിന്റെ അട്ടപ്പാടിയിലെ പ്രവർ ത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ റാങ്കിലുള്ള ഡോ. പ്രഭുദാസിനെ നോഡൽ ഓഫീസറായും, കോട്ടത്തറ ആശുപത്രിയുടെ സൂപ്രണ്ടായും നിയമിച്ചു.

| | |
|---|---|
| (സി) അട്ടപ്പാടിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളു ടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകുമോ ? | (സി) കോട്ടത്തറ ആശുപത്രിയിലെ വിവിധ വിഭാഗം ജീവനക്കാരുടെ നിലവിലെ തസ്തികകളെ ക്കുറിച്ചും ഒഴിവുകളെക്കുറിച്ചും അഡ്ഹോക്ക് വ്യവസ്ഥയിലും, എൻ.എച്ച്.എം. വഴിയും എച്ച്.എം.സി. വഴിയും നിയമിച്ച ജീവനക്കാരുടെ വിശദവിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധ മായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

# STAFF STRENGTH OF GTSH KOTTATHARA

| Sl.No | Cadre | sanctioned | In position | vacancy | deployed | Adhoc | NRHM | HMC |
|---|---|---|---|---|---|---|---|---|
| 1 | Superintendent | 1 | 1 | 0 | | | | |
| 2 | Deputy Superintendent | 0 | | | | | | |
| 3 | RMO | 0 | | | | | | |
| 4 | Jr . Consultant (ped) | 1 | 1 | 0 | | | | |
| 5 | Jr . Consultant (ophthal) | 1 | 1 | 0 | | | | |
| 6 | Jr . Consultant (gynaec) | 1 | 1 | 0 | | | 1 | |
| 7 | Jr . Consultant (General medicine) | 1 | 1 | 0 | 1 | 1 | | |
| 8 | Jr . Consultant (Psychiatry) | 1 | 0 | 1 | | 1 | | |
| 9 | Jr . Consultant (ortho) | 1 | 1 | 0 | | 0 | | |
| 10 | Jr . Consultant (ENT) | 1 | 0 | 1 | | 1 | | |
| 11 | Jr .consultant ( General surgery) | 1 | 0 | 1 | | 1 | | |
| 12 | Jr .Consultant(Anesthesia) | 1 | 1 | 0 | | 1 | 1 | |
| 13 | Jr .Consultant (Radiology) | 0 | | | | | | |
| 14 | Jr .Consultant (Dermatology) | 0 | | | | | | |
| 15 | Asst surgeon | 3 | 3 | 0 | 2 | | 0 | |
| 16 | CMO | 4 | 3 | 1 | | 1 | 1 | |
| 17 | Dental surgeon | 1 | 1 | | | | | |
| 18 | Store Keeper | 0 | 0 | 0 | | | | |
| | Pharmacist grade 1 | 0 | | | | | | |
| 19 | Pharmacist grade 2 | 2 | 2 | 0 | | | | 1 |
| 20 | Nursing Superintendent | 0 | | | | | | |
| 21 | Head nurse | 7 | 6 | 1 | | | | |
| 22 | Staff nurse grade 1 | 8 | 0 | 8 | | 8 | | |
| 23 | Staff nurse grade 2 | 9 | 7 | 2 | | 7 | 12 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Administrative assistant | 0 | | | | | | |
| | Head clerk | 0 | 0 | 0 | | | | |
| | UD clerk | 1 | 1 | 0 | | | | |
| | LD Clerk | 0 | 0 | 0 | | | | |
| | office assistant | 1 | 1 | 0 | | | | |
| | Lab technician grade 1 | 1 | 1 | 0 | | | | |
| **Sl.No** | **Cadre** | **sanctioned** | **In position** | **vacancy** | **deployed** | **Adhoc** | **NRHM** | HMC |
| 24 | Lab technician grade 2 | 2 | 2 | 0 | | | 4 | |
| 25 | Radiographer | 1 | 0 | 1 | | | 1 | 0 |
| 26 | Nursing assistant | 8 | 8 | 0 | | | | |
| 27 | Hospital attender grade 1 | 0 | 0 | 0 | 1 | | | |
| 28 | Hospital attender grade 2 | 8 | 4 | 4 | | 4 | | 2 |
| 29 | Driver | 2 | 2 | 0 | 1 | 0 | 1 | |
| 30 | Attender | 0 | | | | | | 1 |
| 31 | Data Entry Operator Cum Clerk | 0 | | | | | | 1 |
| 32 | ANM | 0 | | | | | | 2 |
| 33 | Electrician | 0 | | | | | | 1 |
| 34 | Plumber | 0 | | | | | | 1 |
| 35 | Security | 0 | | | | | | 1 |
| 36 | Dhobi | 0 | | | | | | 1 |
| 37 | P.R.O | 0 | | | | | 1 | |
| 38 | P.T.S | 0 | | | | | | 1 |
| 39 | JPHN | 0 | | | | | 4 | |
| 40 | Pain & Palliative Care Staff Nurse | 0 | | | | | 1 | |
| 41 | Ophthalmic Assistant | 0 | | | | | 1 | |

സെക്ഷൻ ഓഫീസർ.